
# ഭക്തി
# ഗാനാമൃതം



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E. 2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

*** *** ***

Published by Church of. Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിൻറെ പുനരേകീകരണം

Vol 7 May 1993 No. 2

തങ്ങളുടെ സമുദായത്തിൽ നിന്നും ആളുകൾ ചോറിട്ടു പോകാതിരിക്കാൻ പല മാററങ്ങളും ഇന്നു സമുദായ വിഭാഗങ്ങളിൽ കണ്ടുവരുന്നു. ഒരു കാലത്തു സാമൂഹ്യസേവനത്തിലൂടെയും മററും കൂട്ടിച്ചേർത്ത ആളുകൾ പിൽക്കാലത്തു വിശ്വാസത്തിലുള്ള അന്തരം വെളിപ്പെട്ടു കിട്ടിയപ്പോൾ പല കാരണങ്ങൾ കൊണ്ട് ആളുകൾ ഒന്നിൽ നിന്നു മറെറാന്നിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നു. പല ഉദ്ദേശങ്ങൾ ഇവയിൽ അടങ്ങിയിട്ടുണ്ട് എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല.

മനുഷ്യൻറെ മാനസികമായ ബലഹീനതയെ ചൂഷണം ചെയ്തു രോഗശാന്തിയുടേയും അത്ഭുതങ്ങളുടേയും പേരിൽ ചില സമുദായം വളർന്നു വരുന്നതു കണ്ട ശേഷം സമുദായങ്ങൾ അതു അനുകരിച്ച് അവർക്കിടയിലും ഇതെല്ലാം ഉണ്ട് എന്നു വരുത്തി തീർക്കുകയാണ് ഇന്നു. ഇതുകൊണ്ട് രണ്ടു കൂട്ടർക്കും ആത്മിയമായ ഒരു നേട്ടവുമില്ല എന്നു തുറന്നു പറയട്ടെ. ആത്മാവിൻറെ രക്ഷക്കു ദൈവം കല്പിച്ചിട്ടുള്ള അരുളപ്പാടുകളെ നീക്കി നിർത്തിയിട്ട് എന്തു ചെയ്താലും അതു ദൈവേഷ്ടമായിരിക്കയില്ല. ക്രിസ്തുവിൻറെ ജീവിതവും, മരണവും, അടക്കവും, ഉയിർത്തെഴുന്നേല്പും മനുഷ്യർക്കു പ്രയോജനപ്പെടണമെങ്കിൽ ദൈവ വചനം ആളുകളിലേക്കു എത്തിക്കണം. അതിൽ മായം കലർത്താതെ അനുസരിക്കയും മററുള്ളവരെ പഠിപ്പിക്കയും ചെയ്യണം. ഇതാണ് ഇന്നത്തെ സമുദായങ്ങൾ എല്ലാം ചെയ്യേണ്ടതു.

എഡിററർ



# കൽപനകളും മാതൃകകളും

## J .C. ചോട്ട്

ബൈബിൾ ദൈവകൽപനകളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. വ്യക്തികൾ ചെയ്യേണ്ട കാര്യങ്ങളെ വെളിപ്പെടുത്തിയിരിക്കുന്നവയാണ് അവയിൽ ചിലതു. മററു ചിലതു മനുഷ്യർ ചെയ്യാതിരിക്കേണ്ട കാര്യങ്ങളുമാണ്. മനുഷ്യരുടേയും മറെറല്ലാത്തിന്റേയും സൃഷ്ടാവായ ദൈവത്തിനു കൽപനകൾ പുറപ്പെടുവിക്കാൻ അധികാരമുണ്ട്. മനുഷ്യർക്കു മററു മാർഗ്ഗമൊന്നുമില്ല. അതനുസരിക്കുക മാത്രമാണ് കരണീയം. സൃഷ്ടികർത്താവിന്റെ അധികാരവും അനുഗ്രഹവും വേണമെങ്കിൽ നാം അതു ചെയ്തേ പററു. അപ്പോൾ അതു ചെയ്യാതിരിക്കുന്നവരോ എന്നു ചോദിച്ചേക്കാം. അങ്ങനെയുള്ളവർക്ക് അതിന്റേതായ അനുഭവവും പ്രതീക്ഷിക്കാം.

അതുപോലെ, മനുഷ്യർ ദൈവകൽപനകൾ അനുസരിക്കുന്നതിനെപ്പററി നിരവധി ഉദാഹരണങ്ങൾ അടങ്ങുന്നതാണ് വേദപുസ്തകം. ദൈവനിർദ്ദേശം നിറവേററുന്നതിനെ സംബന്ധിച്ച് ഒരിക്കൽ പറയുകയും മറെറാരു സമയത്തു അതു അനുസരിച്ചതായ മനുഷ്യന്റെ ഉദാഹരണം എടുത്തു കാണിക്കയും ചെയ്തിട്ടുണ്ട്. അതായതു നമ്മുടെ കാഴ്ചക്കു വിഷയീഭവിച്ചിരിക്കുന്നു എന്നർത്ഥം. കൽപനയും മാതൃകയും ശക്തിയുള്ളതും നേരിട്ടു പ്രതികരിക്കേണ്ടതുമാണ്. കാരണം അതു നൽകിയതു സർവ്വശക്തനായ ദൈവമാണ്.

ഇതെങ്ങനെ സംഭവിക്കുന്നു എന്നു ദൈവവചനത്തിൽ നിന്നു പരിശോധിക്കാം. മഹത്തായ ആജ്ഞയിൽ കർത്താവ് തന്റെ അപ്പോസ്തലൻമാരോട്: ലോകത്തിൽ എങ്ങും പോകുവിൻ, സുവിശേഷം പ്രസംഗിപ്പിൻ "എന്നാൽ വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും

വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (മർക്കൊസ് 16:16). പിന്നെ നാം അപ്പൊസ്തല പ്രവൃത്തി 2-ാം അദ്ധ്യായത്തിലേക്കു കടക്കുമ്പോഠം അതു പെന്തെക്കൊസ്തുനാഠം എന്നു നാം കാണുന്നു. യെരൂശലേമിൽ കാത്തിരുന്ന അപ്പൊസ്തലൻമാർക്കു പരിശുദ്ധാത്മ സ്നാനം ലഭിച്ച് അവർ സകല സത്യത്തിലും വഴി നടത്തപ്പെട്ടു. ലോകത്തിന്റെ നാനാഭാഗത്തുനിന്നും ധാരാളം യഹൂദൻമാർ അന്നു അവിടെ കൂടിവന്നിരുന്നു. ആദ്യമായി മനുഷ്യരോട് സുവിശേഷം പ്രസംഗിപ്പാൻ നമ്മുടെ കർത്താവ് തിരഞ്ഞെടുത്ത സന്ദർഭമിതായിരുന്നു. അങ്ങനെ അവർ ആളുകളോട് ക്രിസ്തുവിനെക്കുറിച്ചും, തന്റെ ജീവിതം, അൽഭുതങ്ങഠം, മരണം, അടക്കം, ഉയിർത്തെഴുന്നേൽപ് എന്നിവയും സ്വർഗ്ഗത്തിൽ പിതാവിങ്കലേക്കുള്ള സ്വർഗ്ഗാരോഹണത്തെ കുറിച്ചും പ്രസംഗിച്ചു.

ഓരോരുത്തരും താന്താങ്ങളുടെ ഭാഷകളിൽ ഇതു കേട്ടപ്പോഠം അവർക്കു മനസ്സിലായി; തീർച്ചയായും ക്രിസ്തു ദൈവപുത്രനാണെന്നു അവർ വിശ്വസിച്ചു. അവരിൽ നല്ലൊരുഭാഗം ആളുകഠം പത്രോസിനോടും ശേഷം അപ്പൊസ്തലൻമാരോടും: സഹോദരൻമാരായ പുരുഷൻമാരേ ഞങ്ങഠം എന്തു ചെയ്യേണ്ടു ? പിന്നെ പത്രോസ് അവരോടു: നിങ്ങഠം ഓരോരുത്തരും മാനസാന്തരപ്പെട്ടു പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽപിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. (പ്രവൃത്തി 2:37-38). തുടർന്നു നാം വായിക്കുമ്പോഠം, അവന്റെ വചനം കൈക്കൊണ്ടവർ എല്ലാവരും സ്നാനം ഏററു എന്നും അന്ന് മൂവായിരത്തോളം പേർ അവരോടു ചേർന്നുവെന്നും നാം കാണുന്നു (പ്രവൃത്തി 2:41).

അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ ഈ സുവിശേഷ കൽപനകളുടെ അനുസരണമെന്ന ഉദാഹരണത്തിനുപുറമെ മററു പത്തു പരിവർത്തന രീതികഠം കൂടെ നാം വായിക്കുന്നുണ്ട്. 8-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന

ഐത്യോപ്യക്കാരനായ ഒരാളുടെ പരിവർത്തനം വളരെ വ്യക്തവും ലളിതവുമായ ഒന്നാണ്. കർത്താവ് പരിശുദ്ധാത്മാവിനാൽ ഫിലിപ്പൊസിനെ നിർജ്ജനപ്രദേശത്തുകൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഈ മനുഷ്യന്റെ അടുക്കലേക്കു അയയ്ക്കുകയാണ് ചെയ്തതു. അങ്ങനെ സുവിശേഷം അറിയിക്കുവാൻ ഫിലിപ്പൊസിനു കിട്ടിയ അവസരം അവൻ വിനിയോഗിച്ചു. വെള്ളമുള്ളൊരു സ്ഥലത്തു എത്തിയപ്പോഠം സ്നാനമേൽക്കുന്നതിനു എന്തു വിരോധം എന്നു അയാരം ചോദിക്കയുമുണ്ടായി. യേശുക്രിസ്തു ദൈവപുത്രനെന്നു അവൻ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു.

അവന്റെ വിശ്വാസം അവൻ ഏറ്റു പറഞ്ഞു. സഞ്ചരിച്ചുകൊണ്ടിരുന്ന തേർ നിർത്തുവാൻ കൽപിച്ചു; രണ്ടു പേരും വെള്ളത്തിൽ ഇറങ്ങി, ഫിലിപ്പൊസ് അവരെ സ്നാനം കഴിപ്പിച്ചു. അതിനുശേഷം അവർ രണ്ടുപേരും വെള്ളത്തിൽ നിന്നു കയറി, ഷണ്ഡൻ സന്തോഷത്തോടെ തന്റെ വഴിക്കുപോയി. ഫിലിപ്പൊസിനെ പരിശുദ്ധാത്മാവ് എടുത്തുകൊണ്ടുപോയി.

ഈ പരിവർത്തനസംഭവത്തിലെല്ലാം തന്നെ ചില പ്രത്യേകതകഠം നാം കാണുന്നുണ്ട്. സുവിശേഷം പ്രസംഗിക്കൽ, ആളുകഠം അതു കേഠക്കുന്നു; വിശ്വസിക്കുന്നു; മാനസാന്തരപ്പെടുന്നു; ക്രിസ്തു ദൈവപുത്രനാണെന്നു ഏറ്റു പറയുന്നു; പാപമോചനത്തിനായി സ്നാന മേൽക്കുന്നു അഥവാ വെള്ളത്തിൽ ശരീരങ്ങഠം അടക്കം ചെയ്യുന്നു എന്നിവയാണ് അവ.

ഇന്നു സുവിശേഷം അനുസരിക്കുവാൻ നമ്മോടു കൽപിച്ചിരിക്കയാൽ ഈ ഉദാഹരണങ്ങഠം അവർ ചെയ്തതുപോലെ നാമും ചെയ്താൽ നമുക്കും പാപമോചനം ലഭിക്കും. അവരെ ചേർത്തതായ അതേ സഭയോട് നമ്മെ കർത്താവ് ചേർക്കുകയും ചെയ്യും. അതു കർത്താവിന്റെ സഭയാണ്.

ക്രിസ്തുവിന്റെ സഭയാണ്. ക്രിസ്തു ആ സഭയുടെ രക്ഷകനാണ് (പ്രവൃത്തി 2:47). ഇതറിഞ്ഞിട്ടും മറ്റൊരു രീതിയിൽ പ്രവർത്തിച്ച് രക്ഷിക്കപ്പെടുമെന്നു ധൈര്യപ്പെടുന്നവർ എത്രപേരുണ്ട്? രക്ഷിക്കപ്പെടുവാനും സ്വർഗ്ഗത്തിൽ പോകുവാനും ഗൗരവമായി ചിന്തിക്കുന്ന ആരും കർത്താവിന്റെ കല്പനകൾക്കും മാതൃകകൾക്കും വിരുദ്ധമായി ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ഇല്ല.

ക്രിസ്ത്യാനികളായിത്തീർന്ന തന്റെ ജനത്തോട് ദൈവം, ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടിവരുന്നതിനും കർത്തൃമേശയിൽ നിന്നും പങ്കെടുക്കുന്നതിനും കല്പിച്ചിരിക്കുന്നു. അതോടൊപ്പം ആരാധനയുടെ മറ്റു ക്രിയകളും അവർ ആവശ്യപ്പെടുന്നുണ്ട്. ദൈവത്തിനു സ്വയമേ നല്കുന്ന വഴിപാടുകൾ അർപ്പിക്കേണ്ടതു ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ തന്നെയാണ് (1 കൊരിന്ത്യർ 16:1-2). ശിഷ്യന്മാർ അഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആരാധനക്കായി കൂടിവന്ന ഉദാഹരണം നാം പ്രവൃത്തി 20:7-ൽ വായിക്കുന്നു.

ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ പൌലോസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ടു അവരോടു സംഭാഷിച്ചു പാതിരവരെയും പ്രസംഗം നീട്ടി എന്നു രേഖ സൂചിപ്പിക്കുന്നു. മത്തായി 26:26-28-ൽ പ്രതിപാദിച്ചിരിക്കുന്നതും കർത്താവ് വിഭാഗിച്ചു കൊടുത്തതുമായ കർത്തൃമേശയാണ് അപ്പം നുറുക്കൽ കൊണ്ടു ഉദ്ദേശിക്കുന്നതു. അവർ അപ്പം നുറുക്കുവാൻ കൂടി വന്നു എന്ന മാതൃക നാം ഗൗരവമായി എടുക്കേണ്ട ഒന്നാണ്. അവർ ആരാധനയുടെ മറ്റു കാര്യങ്ങളും ചെയ്തിട്ടുണ്ട് എന്നതിൽ സംശയിക്കേണ്ട കാര്യമില്ല. അതു ബൈബിളിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിൽ പ്രാർത്ഥനയും (പ്രവൃത്തി 2:42) ദൈവ വചന പഠനവും (പ്രവൃത്തി 20:7) പാട്ടു പാടി ദൈവത്തെ പുകഴ്ത്തലും

(എഫെസ്യർ 5:19). വിശുദ്ധൻമാർക്കു വേണ്ടിയുള്ള ധർമ്മ ശേഖരണവും (1 കൊരിന്ത്യർ 16:2) ഉൾപ്പെട്ടിരിക്കുന്നു. ശിഷ്യന്മാർ കൂടിവന്നതും അവർ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം കൂടിവന്നതും ആരാധിച്ചതും ഒരു മാതൃകയായിട്ടാണ് വ്യക്തമാക്കിയിരിക്കുന്നതു.

വേദപുസ്തകം പരിശോധിക്കുമ്പോൾ ദൈവവചനത്തിൽ ധാരാളം കല്പനകളും മാതൃകകളും ദർശിക്കാവുന്നതാണ്. അവയെല്ലാം നിറവേറിയതായും നമുക്കു വായിക്കാവുന്നതാണ്. നാം അനുസരിക്കയും അനുവർത്തിക്കയും ചെയ്യേണ്ടതിനാണ് ഈ കൽപനകളും മാതൃകകളും നൽകിയിരിക്കുന്നതു. ആദിമ ക്രിസ്ത്യാനികൾ നമുക്കുവേണ്ടി ഒരുക്കിയതായ ആത്മിയ മാതൃക നാം കാണാതിരിക്കരുതു. കൽപനകൾ ദൈവത്തിന്റേതാണ്. ദൈവത്തിന്റെ അംഗീകാരം ലഭിച്ച ഉദാഹരണങ്ങളും നാം പിൻപററണം. നാം അതു അപ്രകാരം പിന്തുടർന്നാൽ നമ്മുടെ പ്രവൃത്തി ബുദ്ധിയുള്ളതാകും.

നിങ്ങൾ കർത്താവിന്റെ കല്പനകളേയും ആദ്യ ക്രിസ്ത്യാനികളുടെ മാതൃകാപരമായ ജീവിതവും സ്വീകരിച്ചിട്ടുണ്ടോ? അതോ അതിൽ നിന്നും വ്യത്യസ്ഥമായ ഒന്നാണോ നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്! ദൈവമാണ് നമ്മെ എല്ലാവരേയും അംഗീകരിക്കേണ്ടതു. ദൈവമാണ് നമ്മെ രക്ഷിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നതു. ഇനിയും കിട്ടിയ അവസരം പാഴാക്കാതിരിക്കുക.

6

# മദ്ധ്യസ്ഥത

ജെയ്നി ആന്റണി
കൊച്ചി

പ്രഥമ ശ്രവണ മാത്രയിൽ ആരും വിശ്വസിച്ചു പോകത്തക്കവിധമാണ് ഈ കഥയുടേയും അവതരണം.

എണ്ണിത്തിട്ടപ്പെടുത്താനാവാത്ത വിധം മദ്ധ്യസ്ഥൻമാരെക്കൊണ്ടു നിറഞ്ഞിരിക്കുന്ന പല നാമധേയ വിഭാഗങ്ങളെയാണ് നാം ദിനംപ്രതി കണ്ടു മുട്ടുന്നത്. ആരാണ് ഈ മദ്ധ്യസ്ഥൻ ?

രണ്ടു കക്ഷികൾക്കിടയിൽ നിന്ന് ഇരുകൂട്ടരുടേയും സമ്മതപ്രകാരം മദ്ധ്യസ്ഥത വഹിക്കുന്നവനാണ് സാമാന്യമായി പറഞ്ഞാൽ, മദ്ധ്യസ്ഥൻ. ദൈവത്തിനും, മനുഷ്യർക്കുമിടയ്ക്കു മദ്ധ്യസ്ഥനാകാൻ യോഗ്യൻ ആരാണ്? വെറും മനുഷ്യനോ, ഒരേ സമയം ദൈവവും മനുഷ്യനുമായവനോ ? ഒരേ സമയം ദൈവവും മനുഷ്യനുമായവൻ, എന്ന് സാമാന്യയുക്തിയുള്ള ആരും സമ്മതിക്കും. യേശുവല്ലാതെ മററാരുണ്ട് അങ്ങനെ ? ദൈവത്തിന്റെ അടുക്കൽ മദ്ധ്യസ്ഥത വഹിക്കാൻ യോഗ്യൻ ആരെന്നു നിശ്ചയിക്കേണ്ടതു ദൈവമോ, മനുഷ്യനോ ? ദൈവമല്ലേ ? ദൈവം നിശ്ചയിച്ചിട്ടുള്ള ഏക വ്യക്തി യേശുവാണ്, യേശുമാത്രമാണ് എന്ന് ബൈബിൾ പറയുന്നു. "ദൈവത്തിനും, മനുഷ്യർക്കും മദ്ധ്യസ്ഥനായി ഒരുവനേയുള്ളു. മനുഷ്യനായ യേശുക്രിസ്തു തന്നെ" (1 തിമൊ. 2:5).

എന്നാൽ ഇന്ന് അനേകകോടി ജനങ്ങൾ വിശ്വസിച്ചു പോരുകയും, ആശ്രയിക്കുകയും ചെയ്യുന്ന മദ്ധ്യസ്ഥയാണ് 'മറിയം' അമ്മയില്ലെങ്കിൽ മകനില്ല, മറിയമില്ലെങ്കിൽ

യേശുവില്ല. മറിയത്തിലൂടെ വേണം യേശുവിലേക്കുവരാൻ. മറിയം പറഞ്ഞപ്പോഴല്ലേ യേശു കാനാവിൽ വെള്ളം വീഞ്ഞാക്കിയത്? അതുകൊണ്ട് മറിയം നമ്മുടെ മദ്ധ്യസ്ഥയത്രേ എന്നാണ് അവരുടെ പക്ഷം.

തന്നിലൂടെ (ക്രിസ്തുവിലൂടെ) ദൈവത്തെ സമീപിക്കുന്നവരെ പൂർണ്ണമായി രക്ഷിക്കാൻ അവനു കഴിവുണ്ട്. എന്നേക്കും ജീവിക്കുന്നവനായ അവൻ അവർക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു (എബ്രാ. 7:25). ആവശ്യങ്ങളിലിരിക്കുന്ന എല്ലാവരേയും അവിടുന്ന് തന്റെ പക്കലേക്ക് വരുവാനാണ് ക്ഷണിക്കുന്നത്; "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ. 11:28). മറിയത്തിന്റേയോ 'മരിച്ചു പുണ്യപ്പെട്ട' മററാരുടെയെങ്കിലുമോ അടുക്കലേക്കല്ലല്ലോ അവിടുന്ന് ചെല്ലുവാൻ പറയുന്നത്? തന്റെ പക്കലേക്ക്, തന്റെ പക്കലേക്കു മാത്രം!

ശിഷ്യന്മാർ തങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമേ എന്നു അപേക്ഷിച്ചപ്പോൾ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നു വിളിച്ചു പ്രാർത്ഥിക്കാനാണ്. (ലൂക്കോ. 11:1-5) അല്ലാതെ കൊന്ത ചൊല്ലുവാനോ നൊവേന കഴിക്കുവാനോ മറിയത്തേയോ, മററാരെയെങ്കിലുമോ വിളിച്ച് പ്രാർത്ഥിക്കുവാനല്ല അവിടുന്ന് പഠിപ്പിച്ചത്.

കാനാവിലെ കല്യാണത്തിൽ മറിയം പറഞ്ഞപ്പോൾ യേശു വെള്ളം വീഞ്ഞാക്കി. ആകയാൽ മറിയം നമ്മുടെ മദ്ധ്യസ്ഥയാണ്. മറിയത്തെ മദ്ധ്യസ്ഥ എന്നു കാണിക്കുന്നതിനെ ന്യായീകരിക്കുവാനാണ് ഇത് എടുത്തുകാണിക്കാറുള്ളത്. എന്നാൽ യഥാർത്ഥത്തിൽ അവിടെ സംഭവിച്ചത് എന്താണെന്ന് ബൈബിളിൽ നമുക്കു നോക്കാം: അവിടെ വീഞ്ഞു തീർന്നപ്പോൾ യേശുവിന്റെ അമ്മ അവരോടു പറഞ്ഞു അവർക്കു വീഞ്ഞില്ല (യോഹ. 2:1-11). യേശു ആരാ

ണെന്നും ഏതു പ്രശ്നവും പരിഹരിക്കുവാൻ മതിയായവ യാണെന്നും മറിയത്തിനറിയാമായിരുന്നു. അതുകൊണ്ടാണ് ഇപ്രകാരം അവരം പരിചാരകരോട് പറഞ്ഞത്. "അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ എന്ന്". താൻ പറയുന്നതു ചെയ്യാനല്ല, യേശുപറയുന്നതു ചെയ്യുവാനാണ് മറിയം പറയുന്നത്. എന്നാൽ മറിയ ഭക്തരാകട്ടെ യേശു പറയുന്നതും ചെയ്യില്ല, മറിയ പറയുന്നതും ചെയ്യില്ല, മററാരോ പറയുന്നതു ചെയ്യാനാണ് അവർക്കിഷ്ടം.

ഈ രീതിയിൽ കുറെ മദ്ധ്യസ്ഥൻമാരെ കൂടി ബൈബിളിൽ നിന്നു തന്നെ ഈ ഭക്തന്മാർക്കു പറഞ്ഞു കൊടുക്കാം: പത്രൊസിൻെറ പനിപിടിച്ച അമ്മായിയമ്മയെ സുഖപ്പെടുത്താൻ അപേക്ഷിച്ച ആളുകരം (ലൂക്കോ. 4:38); തളർവാതരോഗിയെ കിടക്കയിൽ എടുത്തുകൊണ്ടുവന്നവർ (ലൂക്കൊ. 5:18); ശതാധിപൻെറ ഭൃത്യനെ സുഖപ്പെടുത്താൻ യേശുവിനോടു മദ്ധ്യസ്ഥത പറഞ്ഞ യെഹൂദപ്രമാണിമാർ (ലൂക്കോ. 7:4) അങ്ങനെ അനേകർ.

യേശു തൻെറ അപ്പോസ്തലന്മാരോട് ചെയ്ത അവസാന സംഭാഷണത്തിൽ അവരോടു പറഞ്ഞത്: നിങ്ങരം എൻെറ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവു പുത്രനിൽ മഹത്വപ്പെടാൻ വേണ്ടി ഞാൻ നിവർത്തിക്കും. എൻെറ നാമത്തിൽ നിങ്ങരം എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും (യോഹ. 14:13-14) എന്നാണ്; അല്ലാതെ മറിയത്തിൻേറയോ, ശിഷ്യന്മാരുടേയോ മറിച്ചു പുണ്യപ്പെട്ടവരുടേയോ നാമത്തിൽ പ്രാർത്ഥിച്ചാൽ ചെയ്തു തരുമെന്നല്ല. വന്നുപോയ ഈ തെററുകരം തിരുത്തേണ്ടതിനു പകരം, അതിനെ ന്യായീകരിക്കുവാൻ നടത്തുന്ന ബദ്ധപ്പാടിൽ യുക്തി രഹിതവും ദൈവവചന വിരു

ദ്ധവുമായ എത്രയോ വാദഗതികളാണ് മറിയ ഭക്തിയുടെ പ്രചാരകർ കൊണ്ടു വരുന്നത്! ഈ 'പൈശാചിക നുണകരം' കേട്ടു വിശ്വസിച്ചു വഞ്ചിതരായി നടക്കുന്നവർ ലക്ഷക്കണക്കിനല്ല, കോടിക്കണക്കിനാണ് !

പ്രിയപ്പെട്ടവരേ, സർപ്പവഞ്ചനയിൽ പെടാതെ, ഇനിയെങ്കിലും, സത്യദൈവത്തിലേക്കു നിങ്ങൾ തിരിയുമോ? സത്യം പറയുമ്പോൾ, അതു പറയുന്നവരെ എങ്ങനെ ക്രൂശിക്കാം എന്ന് ആലോചിക്കാതെ, വെളിപ്പെട്ട സത്യത്തെ സ്വീകരിച്ചനുസരിക്കാനുള്ള നല്ല മനസ്സും, സത്യാത്മാവ് ഏവർക്കും നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

*

### സ്ത്രീകൾക്കു വേണ്ടി

# സ്ത്രീകളുടെ അവകാശങ്ങൾ

ബെററി. ബി. ചോട്ട്

ഇതു മാറിക്കൊണ്ടിരിക്കുന്ന ഒരു കാലമാണല്ലോ. പരസ്പരം ആളുകൾ മനസിലാക്കുന്നതിനും പലതിന്റെയും സ്വാധീനശക്തി വർദ്ധിപ്പിക്കുന്നതിനും ഇന്നു ലോകമെങ്ങും ടെലിവിഷൻ, റേഡിയോ, മാസിക, ദിനപത്രം തുടങ്ങിയ മാദ്ധ്യമങ്ങളിലൂടെ ആശയ വിനിമയം ഏതൊരു കോണിലും എത്തിച്ചുകൊണ്ടിരിക്കയാണല്ലോ. ഇതു പുരോഗമനപരമായ ഒരു കാൽവെയ്പാണ് എന്നു ഞാൻ സമ്മതിക്കുന്നു.

പ്രത്യേകിച്ച് സ്ത്രീകളെ സംബന്ധിച്ച് കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ഇതു അനർത്ഥമാണ് എന്നു പറയാതെ വയ്യ: സ്ത്രീകൾ പലതിനു വേണ്ടിയും മുറവിളി കൂട്ടിക്കൊണ്ടിരിക്കയാണ് "തുല്യാവകാശം", "സ്ത്രീകളുടെ അവകാശങ്ങൾ", "സ്ത്രീ സ്വാതന്ത്ര്യം" എന്നീ വിഷയങ്ങൾ നാം തുടരെ തുടരെ കേൾക്കാറുണ്ട്. എല്ലാ ദേശത്തിലും സ്ത്രീകളുടെ പങ്കിനെ മാറ്റണമെന്ന് വികാരവായ്പോടെ, ദേഷ്യത്തോടെ, ഗൗരവത്തിൽ ആവശ്യപ്പെടാറുണ്ട്.

അതേ, പലപ്പോഴും സമൂഹത്തിലെ ആചാരങ്ങളിലും, വ്യക്തി പ്രഭാവത്തിലും സ്ത്രീകളെ നിഷേധിച്ചിട്ടുണ്ട് എന്നതു വാസ്തവമാണ്. അതിനു പല കാരണങ്ങൾ ഉണ്ട്.

1. ശാരീരികമായി, സ്ത്രീ പുരുഷനെ പോലെ ശക്തയല്ല. ഇതിന്റെ ഫലമായി എന്തുണ്ടാകുന്നു എന്നു ശ്രദ്ധിക്കുക. വാസ്തവത്തിൽ ഈ ശക്തി സ്ത്രീയെ സംരക്ഷിക്കുവാൻ സഹായകരമാവുന്നു. ഭാരമുള്ള ചുമടു ചുമക്കുവാനും വലിയ ഘനവും അപകടവുമേറിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനും പുരുഷനു കഴിയുന്നു. ഭർത്താക്കന്മാരോടു തിരുവചനം പറയുന്നു: അങ്ങനെ തന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനെക്കു മുടക്കം വരാതിരിക്കേണ്ടതിനു വിവേകത്തോടെ ഭാര്യമാരോടു കൂടെ വസിച്ചു, സ്ത്രീജനം ബലഹീന പാത്രം എന്നും അവർ ജീവന്റെ കൃപെക്കു കൂട്ടവകാശികൾ എന്നും ഓർത്തു അവർക്കു ബഹുമാനം കൊടുപ്പിൻ (1പത്രൊസ് 3:7). ക്രിസ്തീയ പുരുഷന്മാരെ പഠിപ്പിച്ചിരിക്കുന്നതു: ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരു നാളും പകെച്ചിട്ടില്ലല്ലൊ.

ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോററി പുലർത്തുകയത്രേ ചെയ്യുന്നതു (എഫെസ്യർ 5:25, 28-29).

എന്നാൽ ആചാര മര്യാദകളും സംസ്ക്കാരവും മതവും വ്യത്യസ്ഥമാകയാൽ സ്ത്രീ പലപ്പോഴും എതിർക്കുവാൻ ശക്തയല്ലാത്തതിനാൽ പുരുഷൻ സ്ത്രീയെ അവഗണിച്ചിട്ടുണ്ട്. ചില ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ വെറും വേലക്കാരെപോലെ കരുതി സ്നേഹിക്കാതെ, കരുതാതെ അവരുടെ വികാരങ്ങളേയും വിചാരങ്ങളേയും മാനിക്കാതെയിരുന്നിട്ടുണ്ട്.

2. സ്ത്രീകൾ കുട്ടികളെ ചുമക്കുന്നവരാണ്. അതുകൊണ്ട് അവരുടെ പങ്ക് പുരുഷന്മാരിൽ നിന്നും വലിയ വ്യത്യാസം ഉള്ളതാകുന്നു. വീണ്ടും തൻെറ കുടുംബത്തിനും ലോകത്തിനും ഇടക്കു നില്ക്കേണ്ട ശക്തമായ കണ്ണിയാണ് ഭർത്താവ് എന്നോർമ്മിക്കുക. ഭാര്യ കുട്ടികളേയും കുടുംബത്തേയും നോക്കുമ്പോൾ ഭർത്താവ് തൻെറ ജോലി ചെയ്തു പണം സമ്പാദിച്ച് കുടുംബത്തിൻെറ ആവശ്യങ്ങൾ നിറവേററുന്നു.

ഒരു പുരുഷൻെറ ധാർമ്മികമായ കടമയെ തിരുവെഴുത്തു പഠിപ്പിക്കുന്നുണ്ട്. ''തനിക്കുള്ളവർക്കും പ്രത്യേകം സ്വന്ത കുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞു അവിശ്വാസിയേക്കാൾ അധമനായിരിക്കുന്നു'' (1തിമൊഥെയോസ് 5:8). സ്ത്രീകളുടെ കർത്തവ്യം താഴോട്ടു വായിക്കുമ്പോൾ നമുക്കു മനസിലാക്കാം. ആകയാൽ ഇളയവർ വിവാഹം ചെയ്കയും പുത്രസമ്പത്തുണ്ടാക്കുകയും ഭവനം രക്ഷിക്കയും വിരോധിക്കു അപവാദത്തിനു അവസരം ഒന്നും കൊടുക്കാതിരിക്കയും വേണം എന്നു ഞാൻ ഇച്ഛിക്കുന്നു (1തിമൊഥെയോസ് 5:14).

(ശേഷം 19-ാം പേജിൽ)

# പ്രവാചകൻ

J. ഫ്രാൻസീസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

എന്നാൽ ഫറവോൻ അതു അനുസരിച്ചില്ല. അവരുടെ വാക്കു ഫറവോൻ വിശ്വസിക്കേണ്ടതിനു യഹോവ മോശയിലൂടെ അഹരോനെക്കൊണ്ടു ഒരു അത്ഭുതം പ്രവർത്തിച്ചു. വടി സർപ്പമായി മാറി. അതുകണ്ടു ഫറവോൻ അനങ്ങിയില്ല. പിന്നെ പത്തു പ്രാവശ്യം യഹോവ ഫറവോനെയും മിസ്രയീമ്യരെയും ശിക്ഷിച്ചു. പത്താമത്തെ ശിക്ഷയിൽ ഫറവോൻെറ ആദ്യജാതൻ മരിച്ചു പോയി. അതിൽ വേദനിച്ച ഫറവോൻ യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നും പോകുവാൻ അനുവദിച്ചു (7, 8, 9, 10, 11, 12 അദ്ധ്യായങ്ങൾ).

ദൈവം മിസ്രയീമിൽ നിന്നും അവരെ സ്വതന്ത്രരാക്കി. അവർ യാത്ര പുറപ്പെട്ടു. പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും അവർക്കു വഴികാട്ടിയായി ദൈവം അവർക്കു മുമ്പേ സഞ്ചരിച്ചു (13:21, 22). ഇസ്രായേൽ ജനം മിസ്രയീമിൽ നിന്നും പുറപ്പെട്ടുവെന്നു ഫറവോൻ അറിഞ്ഞു അവൻ കോപിച്ചു. അവരെ പിടിച്ചുകൊണ്ടുവരുവാൻ അവൻ സൈന്യത്തെ അയച്ചു. അവർ മരുഭൂമിയിൽ കുടുങ്ങുമെന്നു അവൻ കരുതി. സൈന്യത്തിനു അവരെ പിടിക്കുവാൻ എളുപ്പം സാധിക്കുമെന്നു അവൻ വിശ്വസിച്ചു. ഇസ്രായേൽ ജനം കടൽക്കരയിൽ ബാൽസെഫോനാ സമീപത്തുള്ള പീഹഹീരോത്തിനു സമീപം എത്തി, തിരിഞ്ഞുനോക്കിയപ്പോൾ മിസ്രയീം സൈന്യം അവരെ പിൻതുടർന്നു വരുന്നതു അവർ കണ്ടു. അവർ യഹോവയോടു നിലവിളിച്ചു. അതു ദൈവം കേട്ടു. യഹോവയുടെ കല്പന പ്രകാരം മോശ വടിയോടു കൂടി തൻെറ കൈ കടലിന്മേൽ നീട്ടി. കടൽ തൽക്ഷണം രണ്ടായി പിളർന്നു. ഉണങ്ങിയ നിലം അവർ കണ്ടു

അതിലൂടെ അവർ കടന്നുപോയി, അവരെ പിൻതുടർന്നു കൊണ്ടു മിസ്രയീം സൈന്യവും അതിലൂടെ കടന്നു. എന്നാൽ ദൈവം ഇസ്രായേൽ ജനത്തിനു പിന്നിൽ വന്നു. അവർക്കു വെളിച്ചവും മിസ്രയീം സൈന്യത്തിനു ഇരുട്ടും നൽകി. അവരുടെ രഥചക്രങ്ങളുടെ ഓട്ടം താറുമാറാക്കി. പുലർച്ചെ ഇസ്രായേൽ ജനം മറുകര എത്തിയപ്പോൾ മിസ്രയീം സൈന്യം വഴിയുടെ നടുക്കു എത്തിയതേയുള്ളൂ. ഇസ്രായേൽ ജനം പൂർണ്ണമായി മറുകരയിൽ പ്രവേശിച്ചപ്പോൾ മോശ വടിയോടുകൂടി തൻെറ കൈ കടലിലേയ്ക്കു നീട്ടി, മാറിയ കടൽ രണ്ടും ഒന്നായി തീർന്നു. മിസ്രയീം സൈന്യം പൂർണ്ണമായി കടലിൽ മുങ്ങി മരിച്ചു. അങ്ങനെ ദൈവം അവരെ രക്ഷിച്ചു. (14:5-8, 10, 15-30)

അവർ അവിടെ നിന്നും യാത്ര പുറപ്പെട്ടു. വഴിമദ്ധ്യേ കൈയ്പ്പു നിറഞ്ഞ വെള്ളത്തെ, കുടിക്കുവാൻ വേണ്ടി ദൈവം അവർക്കു മധുരമുള്ളതാക്കികൊടുത്തു (15:22-25). അപ്പത്തിനും ഇറച്ചിക്കും വേണ്ടി അവർ നിലവിളിച്ചു. ദൈവം കാട ഇറച്ചിയും സ്വർഗ്ഗത്തിൽ നിന്നു മന്നയും അവർക്കു ഭക്ഷിപ്പാൻ നൽകി. യാത്രയിൽ നാല്പതു സംവത്സരം അവർ മന്ന ഭക്ഷിച്ചു (16:7, 31, 35). കുടിക്കുവാൻ വെള്ളം ലഭിക്കാതിരുന്നപ്പോൾ ദൈവം മോശയെക്കൊണ്ടു വടി പാറമേൽ അടിപ്പിച്ചു ശുദ്ധ ജലം അവർക്കു നൽകി. (17:1-6).

ഇസ്രായേൽ ജനത്തിന് അമാലേക്കിനോടു യുദ്ധം ചെയ്യേണ്ടി വന്നു. മോശ കൈ ഉയർത്തി പ്രാർത്ഥിച്ചതിൻെറ ഫലമായി ദൈവ കൃപ അവർക്കു ലഭിച്ചു. അവർ യുദ്ധം ജയിച്ചു (17:10-12). യാത്രാമദ്ധ്യേ അവർ സീനായ് മരുഭൂമിയിൽ എത്തി. അവിടെവച്ചു മോശ മുഖാന്തിരം ദൈവം ജനത്തോടു സംസാരിച്ചു. "നിങ്ങൾ എൻെറ വാക്കു കേട്ടു അനുസരിക്കുകയും എൻെറ നിയമം പ്രമാണിക്കുകയും ചെയ്താൽ നിങ്ങൾ എനിക്കു സകല ജാതികളിലും

വച്ചു പ്രത്യേക സമ്പത്തായിരിക്കും. ഭൂമി ഒക്കെയും എനിക്കുള്ളതല്ലൊ. നിങ്ങൾ എനിക്കു പുരോഹിത രാജത്വവും വിശുദ്ധ ജനവും ആകും". (19:5) ജനം ചെയ്യേണ്ടത് എന്താണെന്നും, ചെയ്യാതിരിക്കേണ്ടതു എന്താണെന്നും ദൈവം അവർക്കു വെളിപ്പെടുത്തികൊടുത്തു (20:1-26; 21:1-36; 22:1-31; 23:1-33).

ദൈവം മോശയെ വിളിച്ചു. അവൻ വിളികേട്ടു. അവൻ മേഘത്തിൻെറ നടുവിൽ പർവ്വതത്തിൽ കയറിപ്പോയി. നാല്പതു രാവും പകലും അവൻ അവിടെ ദൈവത്തോടു കൂടെ ആയിരുന്നു (24:18) ദൈവത്തിനു ഇസ്രായേൽ ജനത്തിനു ഇടയിൽ വസിപ്പാൻ ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കുവാനും, അതിൽ പുരോഹിത ശുശ്രൂഷ ചെയ്യേണ്ടതിനു അഹരോനേയും അവൻെറ പുത്രന്മാരേയും തിരഞ്ഞെടുക്കുവാനും ദൈവം മോശയോടു കല്പിച്ചു. (25:8, 10, 23, 31; 26:1, 15, 31, 33; 27:1, 20; 28:1; 29:11, 46; 30:1, 18, 20, 21; 31:18). നാല്പതാം ദിവസം മോശ പർവ്വതത്തിൽ നിന്നും ഇറങ്ങിവന്നപ്പോൾ ദൈവം തൻെറ കൈകളാൽ എഴുതിയ സാക്ഷ്യ പലക രണ്ടും അവനു കൊടുത്തു.

സാക്ഷ്യപലകയും കൊണ്ടു മോശ പർവ്വതത്തിൽ നിന്നും ഇറങ്ങിവന്നപ്പോൾ ഇസ്രായേൽ ജനം സ്വർണ്ണം കൊണ്ടു ഉണ്ടാക്കിയ ഒരു കാളക്കുട്ടിയെ ദൈവമായി ആരാധിക്കുന്നതു കണ്ടു. അവൻ കോപത്താൽ വിറപൂണ്ടു. അവൻ പലകകൾ രണ്ടും പർവ്വതത്തിൻെറ അടിവാരത്തിൽ വച്ചു എറിഞ്ഞു. അതു പൊട്ടിപ്പോയി. സ്വർണ്ണ കാളകുട്ടിയെ അവൻ തീയിൽ ഇട്ടു ചുട്ടുകളഞ്ഞു. അതു പൊടി ആയപ്പോൾ വെള്ളത്തിൽ കലക്കി അവൻ അവരെകൊണ്ടു കുടിപ്പിച്ചു. മാത്രമല്ല യഹോവയുടെ പക്ഷത്തു ചേർന്നവരെകൊണ്ടു മററുള്ളവരെ അവൻ കൊല്ലിച്ചു. അങ്ങനെ ദൈവത്തിനു എതിരെ പാപം ചെയ്തവരെ അവൻ ശിക്ഷിച്ചു തങ്ങള ടെ കുററം സ്വയം മനസ്സിലാക്കുവാനും മാനസാന്തരപ്പെടുവാനും മാത്രമായിരുന്നു അത്. അതു കഴിഞ്ഞു അവൻ വീണ്ടും യഹോവയുടെ

അടുക്കൽ കയറിച്ചെന്നു. തെററു ചെയ്ത ഇസ്രായേൽ ജനത്തിനു വേണ്ടി വാദിച്ചു. "ഈ ജനം മഹാപാപം ചെയ്തു. പൊന്നുകൊണ്ടു തങ്ങൾക്കു ഒരു ദൈവത്തെ ഉണ്ടാക്കിയിരിക്കുന്നു. എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ. അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽ നിന്നു എന്റെ പേർ മായിച്ചു കളയേണമേ." ദൈവം അതു കേട്ട ജനത്തെ മുന്നോട്ടു നയിക്കുവാൻ മോശയ്ക്കു കല്പന നൽകി. (32:1, 4, 6, 7-14, 15-20, 25-28, 31-34) കല്പന നൽകുന്നതിനു മുമ്പേ യഹോവ തന്റെ തേജസ്സ് അവനു കാണിച്ചു കൊടുത്തു. പത്തുകല്പനകളായ വചനങ്ങളെ വീണ്ടും പലകയിൽ കൊത്തി അവനു നൽകി. അവൻ പർവ്വതത്തിൽ നിന്നും ഇറങ്ങിവന്നപ്പോൾ അവന്റെ മുഖത്തെ ത്വക്കു പ്രകാശിച്ചു. ജനത്തോടു സംസാരിക്കുമ്പോൾ അവൻ മുഖം തുണികൊണ്ടു മറച്ചിരുന്നു. മോശ സമാഗമന കൂടാരം (ദൈവം വസിച്ചിരുന്ന ആലയം) പാളയത്തിൽ നിന്നും ദൂരെ അടിച്ചു. ദൈവം കല്പിച്ച പ്രകാരം തന്നെ അവൻ സമാഗമന കൂടാരത്തിന്റെ പണി പൂർത്തീകരിച്ചു. പുരോഹിത ശുശ്രൂഷയ്ക്കായി അഹരോനേയും അവന്റെ പുത്രന്മാരേയും ഏർപ്പെടുത്തി. തിരുനിവാസത്തിൽ പകൽ സമയം യഹോവയുടെ മേഘവും രാത്രി സമയത്തു അഗ്നിയും ഉണ്ടായിരുന്നു (33:2, 3, 7, 18-23, 34:28, 29, 39:32; 40: 13-15, 38).

(തുടരും)

---

"യിസ്രായേൽ ഗൃഹമേ, നിങ്ങൾ മരുഭൂമിയിൽ എന്നിക്കു നാല്പതു സംവത്സരം ഹനനയാഗങ്ങളും ഭോജനയാഗങ്ങളും അർപ്പിച്ചുവോ? നിങ്ങൾ നമസ്കരിപ്പാൻ ഉണ്ടാക്കിയ സ്വരൂപങ്ങളായ മൊലോക്കിന്റെ കൂടാരവും രേഫാൻ ദേവന്റെ നക്ഷത്രവും നിങ്ങൾ എടുത്തു നടന്നുവല്ലോ; എന്നാൽ ഞാൻ നിങ്ങളെ ബാബിലോന്നപ്പുറം പ്രവസിപ്പിക്കും."

---

***

(14-ാം പേജിന്റെ തുടർച്ച)

സ്ത്രീകൾ തങ്ങളെ എങ്ങനെ അലങ്കരിക്കണമെന്നു പത്രോസ് പ്രബോധിപ്പിക്കുന്നുണ്ട്. സൌമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു(1പത്രോസ്3:4). തന്നെയുമല്ല ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കയും ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരോടു വിവേകത്തോടുകൂടെ വസിക്കുകയും ചെയ്യേണ്ടതാകുന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

പക്ഷേ ഈ സത്യം എല്ലാവരും സ്വീകരിച്ചിട്ടില്ല. ലോകത്തിൽ അനേക ഭാഗങ്ങളിലും അനേക സന്ദർഭങ്ങളിലും ആൺകുട്ടികളേക്കാൾ പെൺകുട്ടികളെ തരം താഴ്ത്തി നിർത്തിയിരിക്കുകയാണ്. പെൺകുട്ടികളെ വിവാഹം ചെയ്തു അയക്കേണ്ടതല്ലേ അവരെ കൂടുതൽ പഠിപ്പിച്ചിട്ടെന്തു കാര്യം എന്ന മനോഭാവക്കാർ എത്ര എത്ര ? അങ്ങനെയുള്ള പെൺകുട്ടികൾക്കു നല്ല ജോലിയിൽ പ്രവേശിക്കുവാനോ നല്ല വരുമാനമുണ്ടാക്കാനോ സാധിക്കാതെ കിട്ടുന്ന ജോലിയിൽ പ്രവേശിക്കേണ്ടി വരുന്നു. ചില സ്ത്രീകൾക്കു ജോലി ചെയ്യുന്നതോടൊപ്പം അവരുടെ കുട്ടികളേയും നോക്കേണ്ടി വരും. മണിക്കൂറുകളുടെ അദ്ധ്വാന ഭാരശേഷം ആഹാരം പാചകം ചെയ്യേണ്ടവരും ഉണ്ട്; വസ്ത്രം കഴുകുക, വീടു വൃത്തിയാക്കി സൂക്ഷിക്കുക എന്നീ മററു ജോലികൾ കൂടെ ആകുമ്പോഴേക്കും അവർ വാസ്തവത്തിൽ തളർന്നു പോകും. ഇത്തരം ഉച്ചനീചത്വങ്ങൾ ബൈബിൾ പഠിപ്പിക്കുന്നതിനു എത്രയോ വിദൂരമാണ്.

3. പ്രകൃതിയിൽ പുരുഷന്മാരുടെ നായകത്വമെന്ന പങ്കു നിറഞ്ഞുവരികയും സ്ത്രീകൾ കൂടുതൽ ശാന്തരെന്നു അവർ കരുതുകയാലും, എതിർപ്പുകുറഞ്ഞിരിക്കുമെന്നതിനാലും പാരമ്പര്യമായ ഏതാനും ജോലികൾ സ്ത്രീകൾക്കു

തുറന്നു കിട്ടി. ചരിത്രത്തിൽ അപൂർവ്വം അവസരങ്ങളിൽ സ്ത്രീകൾ ഭരണ നേതൃത്വത്തിൽ പോലും കടന്നു വരുന്നു. പടയാളികളെപോലെ പോർക്കളത്തിൽ യുദ്ധവീര്യം അവരിൽ സാധാരണ ഉണ്ടായിരുന്നില്ല. പുരുഷ ഭീഷണിക്കു വക യുള്ളതോ പുരുഷന്മാരുടെ മേൽ ആധിപത്യം നടത്തുന്നതോ ആയ ജോലികൾ അവർക്കു ലഭിച്ചിരുന്നില്ല.

ബൈബിൾ നമ്മെ പഠിപ്പിക്കുന്നതു: എന്നാൽ ഏതു പുരുഷന്റേയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ; ക്രിസ്തുവിന്റെ തല ദൈവവും എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു (1 കൊരി. 11:3).

ആരംഭഘട്ടത്തിൽ ദൈവസൃഷ്ടിയിൽ പുരുഷനു ഒരു തുണയായിട്ടാണ് സ്ത്രീയെ നല്കിയതു. അങ്ങനെ പുരുഷൻ തികവുള്ളവനായി തീരുന്നു. പുരുഷൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു ദൈവം കരുതി അവനു തക്കതായ ഒരു തുണയെ കൊടുക്കുകയുണ്ടായി. യഹോവയായ ദൈവം പുരുഷനു ഒരു ഗാഢ നിദ്ര വരുത്തിയശേഷം അവന്റെ വാരിയെല്ലിൽ നിന്നു ഒന്നെടുത്തു സ്ത്രീ രൂപമുണ്ടാക്കിയതായി നാം വായിക്കുന്നു. നരനിൽ നിന്നെടുത്ത നാരിയെയാണ് പങ്കാളിയായി ദൈവം അവനു കൊടുത്തതു. അങ്ങനെ അവൾ അവന്റെ മാംസവും അസ്ഥിയും ഉള്ളവളായി മാറി.

അവരുടെ ബന്ധത്തിൽ ക്രമേണ മാററമുണ്ടാകാൻ കാരണം പാപമാണ്. സാത്താൻ ഹവ്വയെ പരീക്ഷിച്ചപ്പോൾ, അവൾ പിശാചിന്റെ തന്ത്രത്തിനു കീഴ്പ്പെട്ടു ദൈവത്തെ നിഷേധിച്ചു. പിന്നെ അവൾ ആദാമിനേയും പാപം ചെയ്വാൻ പ്രലോഭിപ്പിച്ചു. അനുസരണക്കേടിനുള്ള ശിക്ഷയായിട്ടാണ് അവളേയും ഭർത്താവിനേയും തോട്ടത്തിൽ നിന്നു പുറത്താക്കിയതും അവളുടെ സംരക്ഷണം ഭർത്താവിൽ നിക്ഷിപ്തമാക്കിയതും. നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടാകും; അവൻ നിന്നെ ഭരിക്കും എന്നു ഉല്പത്തി 3:16-ൽ ദൈവം അരുളി ചെയ്തു.

ലോകത്തിൽ ദൈവം ചില ഭർത്താക്കന്മാർക്കു നല്കിയ നേട്ടങ്ങൾ ദുരുപയോഗപ്പെടുത്തി അവരുടെ ഭാര്യമാരോടു മോശമായി പെരുമാറുന്നതുകൊണ്ടും പൊതുവിൽ കാണുന്ന സമൂഹത്തിലെ അവഗണന കൊണ്ടും സ്ത്രീകളെ അവകാശമുറവിളിക്കു പ്രേരിപ്പിക്കുന്നു. ലോകം മുഴുവൻ സ്ത്രീകൾ പുതിയ പുതിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്.

ചില നല്ല മാറ്റങ്ങൾ വരുന്നുണ്ട് എന്നു സമ്മതിക്കുന്നു. സ്ത്രീ വിദ്യാഭ്യാസം കുടുംബത്തിന്റെ ഉയർച്ചക്കു ആവശ്യമാണ്. ഭർത്താവും ഭാര്യയും തമ്മിൽ പരസ്പര ധാരണയോടെ കാര്യങ്ങൾ തുറന്നു പറയുകയും, തീരുമാനിക്കുകയും ചെയ്യണം. കുട്ടികളെ നല്ല രീതിയിൽ വളർത്താനും പഠിപ്പിച്ച് അവർക്കുവേണ്ട സ്വഭാവരൂപീകരണം വരുത്താനും വിദ്യാഭ്യാസമുള്ള സ്ത്രീക്കു കഴിയും. വിദ്യാഭ്യാസമില്ലായ്മകൊണ്ട് എത്രയോ കുടുംബങ്ങളിൽ അതിനു കഴിയാതെ വരുന്നുണ്ട്.

നിരവധി മേഖലകളിൽ സ്ത്രീകൾ ഉയർന്ന സംഭാവനകൾ നല്കിയിട്ടുണ്ട്. രോഗികളെ ശുശ്രൂഷിക്കൽ, അഗതികളെ സംരക്ഷിക്കൽ, ആവശ്യമുള്ള നിരാലംബർക്കുവേണ്ട സ്വയസേവനം തുടങ്ങി അനേക പ്രവർത്തികൾ മനുഷ്യത്വപരമായി അവർ ചെയ്തുവരുന്നുണ്ട്. ഇതു സമൂഹത്തിന്റെ വളർച്ചക്കു നിദാനം കുറിച്ചിട്ടുണ്ട്. കൂടാതെ രചന, കലാസാംസ്കാരിക രംഗത്തും ഗവേഷണം, വിദ്യാഭ്യാസം തുടങ്ങി ധാരാളം രംഗങ്ങളിൽ സ്ത്രീകൾ അവരുടെ ഗണ്യമായ പങ്കു വഹിക്കുന്നുണ്ട്.

എന്നാൽ സ്ത്രീകളുടെ അവകാശങ്ങളിൽ ഇന്നു ദൈവത്തിന്റെ മാതൃകാ സ്ത്രീയുടെ പദവിക്കപ്പുറമായി ഗൗരവമായ പല പ്രശ്നങ്ങളും ഉടലെടുത്തിട്ടുണ്ട്. ഇതു ബാധി

ച്ചിരിക്കുന്ന ആദ്യ പ്രതലം ഭവനമാണ്. എന്നുമറ്റ സ്ത്രീകൾ പരസ്യമായതും ഔപചാരികവുമായ ജോലികളിൽ പ്രവേശിക്കുന്നതോടെ അവരുടെ വിവാഹപ്രശ്നങ്ങൾപോലും ബലഹീനമാകുന്നു.. വരുമാനവും ഉപയോഗവും സംബന്ധിച്ച് ഭർത്താക്കന്മാർക്കും ഭാര്യമാർക്കും ഇടയിൽ മത്സരവും കാണപ്പെടുന്നുണ്ട്. പുറത്തുപോയി 8-10 മണിക്കൂർ ജോലി ചെയ്യുന്ന ഏതൊരു സ്ത്രീക്കും അവളുടെ ഭർത്താവുമായും കുടുംബവുമായുമുള്ള കടപ്പാട് പൂർണ്ണമായി നിറവേററാൻ കഴിയാതെ വരുന്നു. ഉദസൽ ആരംഭിച്ചാൽ വേറൊരു സ്വതന്ത്രമായ വരുമാനമുള്ള സ്ത്രീ സ്വതന്ത്രമായ ജീവിതത്തിനു പോലും മുതിരുന്നു.

മുകളിൽ പ്രസ്താവിച്ച കാരണങ്ങളാൽ, അനേക രാജ്യങ്ങളിൽ വൈവാഹിക പ്രശ്നങ്ങളായ വിവാഹമോചനം, വേറിട്ട ജീവിതം എന്നിവയാൽ കുട്ടികൾ മുതൽ പ്രായമായവർ വരെ ഇരയായി തീരുന്നുണ്ട്. ഇത്തരം വൈകാരിക പ്രശ്നങ്ങളാൽ മദ്യത്തിനും മയക്കുമരുന്നിനും മററു പ്രകൃതി വിരുദ്ധ നയങ്ങളിലേക്കും ആളുകൾ തിരിയുന്നു. അങ്ങനെ കുടുംബ സമാധാനം നഷ്ടപ്പെടുന്നുണ്ട്.

കുടുംബ നാശം രാഷ്ട്രനാശമെന്നു തന്നെ പറയാം. ലോകത്തിൽ തങ്ങൾക്കുള്ള പ്രാധാന്യം സ്ത്രീകൾ മനസിലാക്കണം. പ്രത്യേകിച്ച് ദൈവം അവർക്കു ചെയ്യുവാനായി ഭരമേൽപിച്ച് കൊടുത്തിട്ടുള്ള ഭവന സംബന്ധമായ ഉത്തരവാദിത്വങ്ങൾ. ഇതു നിറവേററുവാൻ ഏതൊരു സ്ത്രീയും തയ്യാററാവണം. അങ്ങനെയായാൽ നമ്മുടെ അവകാശങ്ങൾ ദൈവം സംരക്ഷിക്കും.

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ

## 6 ഫിലദെൽഫ്യ സഭ (വെളി. 3:7-13)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

കാരണം സുവിശേഷം കേൾക്കുകയും അനുസരിക്കയും ചെയ്യുന്നതിൽ കൂടിയാണ് നാം രക്ഷിക്കപ്പെടുന്നത്. രക്ഷിക്കപ്പെടാതെ ആർക്കും സ്വർഗ്ഗത്തിൽ പോകാനും പററുന്നതല്ല. ഉയിർത്തെഴുന്നേററ നമ്മുടെ കർത്താവ് ശിഷ്യന്മാരോടു പറഞ്ഞ ഒരു പ്രത്യേക കല്പന "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കോസ് 16:15) എന്നതായിരുന്നു. എന്തിനുവേണ്ടിയാണ് ഈ വിഷയത്തെക്കുറിച്ച് കർത്താവ് വളരെ പ്രാധാന്യം കൊടുത്ത് ശിഷ്യന്മാരോടു കല്പിച്ചത്? കാരണം സുവിശേഷം കേട്ട് വിശ്വസിക്കയും അതിനെ അനുസരിക്കുകയും ചെയ്യുന്നതിനാലാണ് ഒരുവൻ രക്ഷിക്കപ്പെടുന്നത്. കർത്താവ് പറയുന്നു "വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും." (മർക്കോസ് 16:16). അപ്പോസ്തലനായ പൗലൊസ് പറയുന്നത് "എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നില്ക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വ്യർത്ഥമല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു." (1 കൊരി. 15:1-2).

സുവിശേഷം എന്നാൽ എന്ത് ?. "ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേററിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അത് ആകുന്നു എന്റെ സുവിശേഷം" (2തിമൊ. 2:8). അപ്പോസ്തലനായ പൗലോസ് സുവിശേഷം എന്നതിന് കൊടുക്കുന്ന നിർവ്വചനം വളരെ വിലപ്പെട്ടതും, നമുക്ക് ഗ്രഹിക്കാവുന്നതുമാകുന്നു. അതായത് യേശുക്രിസ്തുവിന്റെ ജനനം, മരണം, അടക്കം. ഉയിർത്തെഴുന്നേൽപ്പ് എന്നീ സംഗതികളാണ് ലോകത്തിൽ അറിയാൻ കഴിഞ്ഞിട്ടുള്ളതിൽ വച്ച് നല്ലതും വലിയതുമായ വാർത്ത. "ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേററു"— "(1 കൊരി. 15:3, 4). ആയതിനാൽ യേശുക്രിസ്തുവിനോടു ചേരാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തി ക്രിസ്തുവിന്റെ മരണത്തോടും അടക്കത്തോടും ഉയിർത്തെഴുന്നേൽപ്പിനോടും പങ്കുള്ളവനായി തീരണം. ഈ മൂന്നു ക്രിയകളോടും ഒരു മനുഷ്യന് ബന്ധപ്പെടാൻ കഴിയുന്നത് ജലത്തിലുള്ള സ്നാനത്താൽ മാത്രമാണ്. റോമാലേഖനം 6-ാം അദ്ധ്യായം മൂന്നു മുതൽ പതിനൊന്നു വരെയുള്ള വാക്യങ്ങൾ ഇതു സംബന്ധിച്ചുള്ള കാര്യങ്ങൾ വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു. പാപസംബന്ധമായി മരിച്ച നമ്മെ ജലമാകുന്ന കല്ലറയിൽ അടക്കുമ്പോൾ അവിടെ വെച്ചു ക്രിസ്തുവിന്റെ രക്തം നമ്മെ ശുദ്ധീകരിക്കുന്നു. ആ സത്യം വിശ്വാസത്താൽ നാം അംഗീകരിക്കേണ്ടതാകുന്നു. ക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധരായി തീർന്ന നാം ഒരു പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുകയും, ഉയിർത്തെഴുന്നേററ ക്രിസ്തുവുമായി നമുക്ക് പങ്കാളിത്വം ഉണ്ടാകയും ചെയ്യുന്നു. അങ്ങനെ നാം പുതിയ ജനനം പ്രാപിച്ചവരായി ജീവന്റെ പുതുക്കത്തിൽ നടക്കുന്നു. മരണം + അടക്കം + ഉയിർത്തെഴുന്നേൽപ്പ് = സ്നാനം. അപ്രകാരം പാപമോചന സ്നാനം സ്വീകരിക്കുന്നതിൽ കൂടിയാണ് ഒരു പുതിയ ജനനം ഉണ്ടാകുന്നത്. ഇങ്ങനെ പുതിയ ജനനം അഥവാ വീ

ണ്ടും ജനനം ഉണ്ടായവനിൽ മാത്രമേ ദൈവത്തിന്റെ ദാനമാകുന്ന പരിശുദ്ധാത്മാവ് വാസം ചെയ്യുകയും പ്രവർത്തിക്കുകയും ചെയ്യുകയുള്ളൂ. അവനെ കർത്താവ് തന്റെ രാജ്യമാകുന്ന സഭയോടു ചേർക്കുകയും ചെയ്യുന്നു.

യേശുക്രിസ്തുവിന്റെ ഈ ഉപദേശത്തെ അനുസരിക്കാത്ത ആർക്കും തന്നെ അവനുമായി ഇന്നു കൂട്ടായ്മ ഇല്ല. ഈ വ്യവസ്ഥയിൽകൂടെ കടന്നുവരാതെ ക്രിസ്ത്യാനികളാണെന്ന് അഭിമാനിക്കുന്നവർ ക്രിസ്തുവിന്റെ സുവിശേഷത്തെ കലക്കി കളയുന്നവരാണ്. അവർ ദുരുപദേഷ്ടാക്കൻമാരും കള്ളപ്രവാചകൻമാരുമാണ്. അവർ വൃതന്മാരെ തെററിച്ചു കളയുന്നു. അവരിൽ ദുരാത്മാവ് വസിക്കുകയും അടയാളങ്ങളും, അൽഭുതങ്ങളും കാണിക്കുകയും ചെയ്തു വരുന്നു. ഈക്കാലം ഇങ്ങനെയുള്ള ദുരാത്മാക്കളുടെ ഉപദേശ കുടുക്കുകളിൽ ജനം വലയുകയാണ്. കർത്താവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കു അവൻ പ്രതികാരം കൊടുക്കും (2 തെസ്സ. 1:6, 7). "സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും" (2 തെസ്സ. 1:10). "സൈന്യങ്ങളുടെ യഹോവയുടെ നാൾ ഗർവ്വവും ഉന്നതഭാവവും ഉള്ള എല്ലാററിൻമേലും നീഗളമുള്ള എല്ലാററിൻമേലും വരും. അവ താണുപോകും" (യെശ. 2:12).

അരാം രാജാവിന്റെ സേനാപതിയായ നയമാൻ മഹാനും മാന്യനും പരാക്രമശാലിയും ആയിരുന്നെങ്കിലും, അവൻ കുഷ്ഠരോഗി ആയിരുന്നു. നയമാൻ തന്റെ വേലക്കാരിയായ പെൺകുട്ടിയിൽ നിന്നും ലഭിച്ച അറിവുമുഖാന്തരം അവൻ ദൈവപുരുഷനായ എലിശായുടെ അടുക്കൽ വലിയ പരിവാരത്തോടും വിലപിടിച്ച സമ്മാനങ്ങളോടും കൂടെ ചെന്നു. നയമാൻ ചിന്തിച്ചിരുന്നത് എലിശാ യഹോവയായ ദൈവത്തോട് അപേക്ഷിച്ച് അവന്റെ കുഷ്ഠരോഗം മാററാൻ കൈ തൊട്ടു അത്ഭുതം കാണിക്കും എന്നായിരുന്നു. എന്നാൽ

ഏലിശായിൽ നിന്നും ഉണ്ടായ നിർദ്ദേശം നയമാനെ ക്രുദ്ധനാക്കി. "നീ ചെന്ന് യോർദ്ദാനിൽ ഏഴു പ്രാവശ്യം കുളിക്ക. അപ്പോൾ നിന്റെ ദേഹം മുമ്പിലത്തെപ്പോലെയായി നീ ശുദ്ധനാകും എന്നു പറയിച്ചു." (2 രാജാ. 5:10). എന്നാൽ നയമാൻ ചിന്തിച്ചത് "ദമ്മേശെക്കിലെ നദികളായ അബാനയും, പർപ്പരും യിസ്രായേൽ ദേശത്തിലെ എല്ലാ വെള്ളങ്ങളെക്കാളും നല്ലതല്ലയോ? എനിക്കു അവയിൽ കുളിച്ചു ശുദ്ധനാകരുതോ ? (2 രാജാ. 5:12) പക്ഷെ നയമാന്റെ ശരീരത്തിലെ കുഷ്ഠരോഗം മാറ്റാൻ ദൈവ പുരുഷനായ ഏലിശാ കല്പിച്ചത് അവനു ചെയ്യേണ്ടി വന്നു. നയമാൻ യോർദ്ദാനിൽ ഏഴു പ്രാവശ്യം മുങ്ങി. അവന്റെ കുഷ്ഠരോഗം മാറുകയും ചെയ്തു.

സ്നേഹിതാ, പാപമാകുന്ന കുഷ്ഠം നിന്നിൽ നിന്നും നിശ്ശേഷം നീക്കപ്പെടുവാൻ കർത്താവ് കൽപിച്ചിരിക്കുന്നത് അക്ഷരംപ്രതി അനുഷ്ഠിച്ചെങ്കിലേ നിനക്ക് അതിൽ നിന്നു വിടുതൽ ലഭിക്കുകയുള്ളൂ. "വിശ്വസിക്കയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16). സംഘടനാസഭകളിലെ മതമേധാവികളും, ഉപദേഷ്ടാക്കന്മാരും അനേകർക്ക് നിന്ദ്യവും, നികൃഷ്ടതരവുമായ ചില ദുരുപദേശങ്ങൾ പഠിപ്പിച്ചിട്ട് നിങ്ങളെ സ്വർഗ്ഗത്തിന് അവകാശികളാക്കാൻ ശ്രമിക്കുന്നു. പക്ഷെ അവസാനം നിങ്ങൾ വലിച്ചെറിയപ്പെടുന്നത് നരകത്തിലേയ്ക്കാണെന്നു ഓർമ്മ വേണം. അവർ ഇന്നു നിങ്ങളെ കറിവേപ്പില പോലെ ഉപയോഗിക്കും. ഉപയോഗം കഴിഞ്ഞ് ഉപേക്ഷിക്കപ്പെടും! അന്ന് കർത്താവും നിങ്ങളെ പരിത്യജിക്കും. ദൈവപുത്രനായ യേശുക്രിസ്തുവിനു ഇന്നു ചെവികൊടുക്കാതെ മനുഷ്യകല്പനകളെ നിങ്ങൾ തഴുകി താലോലിച്ചാൽ അന്ന്, ശിക്ഷാവിധിയിൽ അകപ്പെട്ടുപോകും.

(ശേഷം അടുത്ത ലക്കത്തിൽ)

★

# വീക്ഷാ ഗോപുരത്തിലെ യഹോവ

സാജു ജോർജ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അനേകം ജനങ്ങൾ തങ്ങളുടെ ജീവിതത്തിന്റെ സകല പ്രത്യാശയും ചില രാജാക്കൻമാരിൽ, മന്ത്രിമാരിൽ അർപ്പിക്കുന്നു. അവർ (ഈ നേതാക്കൻമാർ) മരിക്കുമ്പോൾ അവരോടൊപ്പം സകല നിരൂപണങ്ങളും നശിക്കുന്നു. പക്ഷേ നാം ദൈവത്തിൽ ആശ്രയിക്കുന്നുവെങ്കിൽ തീർച്ചയായും നിരാശപ്പെടേണ്ടിവരില്ല.

146-ാം സങ്കീർത്തനം അതിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കുമ്പോൾ മനുഷ്യന്റെ മരണാനന്തര അവസ്ഥയെക്കുറിച്ച് പറയുന്നതിനുവേണ്ടിയല്ല 4-ാം വാക്യം ഉപയോഗിച്ചിരിക്കുന്നതെന്ന് വ്യക്തമായിത്തന്നെ തിരിച്ചറിയുവാൻ കഴിയുന്നു. **(Jehovah's witnesses misuse the verse by taking it out of Context).**

കൂടുതൽ പഠനത്തിനായി സഭാപ്രസംഗി 9:5, യെഹെസ്കേൽ 18:4, ലൂക്കോസ് 16:22-27 ശ്രദ്ധിക്കുക.

## സഭാപ്രസംഗി 9:5

"ജീവിച്ചിരിക്കുന്നവർ തങ്ങൾ മരിക്കും എന്നറിയുന്നു. മരിച്ചവരോ ഒന്നും അറിയുന്നില്ല. മേലാൽ അവർക്കു ഒരു പ്രതിഫലവും ഇല്ല, അവരെ ഓർമ്മ വിട്ടു പോകുന്നുവല്ലോ".

മൃഗങ്ങളെപ്പോലെ മനുഷ്യനും മരണത്തോടുകൂടി പൂർണ്ണമായി ഇല്ലാതെയാകുന്നു **(annihilation-total non existence)** എന്ന് സ്ഥാപിക്കുവാൻ അവർ ഉപയോഗിക്കുന്ന ഒരു ഭാഗമാണിത്. പശ്ചാത്തലം ശരിയായി മന

സ്സിലാക്കാതെ ഈ വേദഭാഗം മാത്രം ചിന്തിച്ചാൽ അവർ പറയുന്നത് തെററിദ്ധരിക്കുവാനും ഇട വന്നേക്കാം. പശ്ചാത്തലം തെററി വിശദീകരിക്കുന്നത് അപകടകരവുമാണ്. ഉദാഹരണത്തിന്;- ഒരു ഡോക്ടർ താൻ നടത്തുന്ന പ്രത്യേകമായ ഒരു ചികിൽസ പ്രചരിപ്പിക്കുന്നതിനായി ഒരു വേദഭാഗം ഉദ്ധരിച്ചു. "തൊലിക്കു പകരം തൊലി; മനുഷ്യൻ തനിക്കുള്ളതൊക്കെയും തൻെറ ജീവനുപകരം കൊടുത്തുകളയും" പക്ഷേ...സത്യത്തിൽ ദൈവവചനമായിരുന്നുവോ അദ്ദേഹം ബൈബിളിൽ നിന്ന് ഉദ്ധരിച്ചത്. ഇയ്യോബ് 2-ാം അദ്ധ്യായം 4-ാം വാക്യ പ്രകാരം പിശാചിൻെറ വാക്കുകളായിരുന്നു അത്. ആയതിനാൽ ചില വേദഭാഗങ്ങൾ ഉയർത്തിപ്പിടിച്ചത് നമ്മുടെ ആശയം സ്ഥാപിക്കുന്നതിനു മുൻപ് വിശദമായി തന്നെ അറിയേണ്ടതുണ്ട്.

വേദപണ്ഡിതൻമാരുടെ അഭിപ്രായത്തിൽ വളരെ ഗഹനമായ ഒരു രചനയാണ് സഭാപ്രസംഗി. കൂടാതെ മനസ്സിലാക്കുന്നത് ലളിതമായ ഒന്നുമല്ല. പല തരത്തിലുള്ള ചിന്താഗതികളെ തമ്മിൽ ബന്ധപ്പെടുത്തി **(Secular materiagistic, podly, spiritual view points)** പഠനം നടത്തുകയാണ് സഭാപ്രസംഗിയിൽ ചെയ്തിരിക്കുന്നത്. എഴുത്തുകാരനും അദ്ദേഹത്തിൻെറ മനസ്സും തമ്മിലുള്ള ഒരു സംവാദമായി സഭാപ്രസംഗി എന്ന പുസ്തകം തോന്നിപ്പിക്കുന്നു. ദൈവീക ചിന്താഗതിയുടെ വിജയം അന്ത്യത്തിൽ സംഭവിക്കുന്നു (12-ാം അദ്ധ്യായം 1-ം 13-ം വാക്യങ്ങൾ)

9-ാം അദ്ധ്യായത്തിലെ ആദ്യത്തെ 10 വാക്യങ്ങൾ ഈ പോരാട്ടത്തിലെ (ആത്മീയതയും ഭൗതികതയും തമ്മിലുള്ള) ഭൗതികവശത്തെ പ്രതിബിംബിപ്പിക്കുന്നു. മരിച്ചവർ ഒന്നും അറിയുന്നില്ല എന്ന് 5-ാം. വാക്യത്തിൽ പറയുന്നതോടൊപ്പം തന്നെ 6-ാം വാക്യത്തിൽ "സൂര്യനു കീഴെ നടക്കുന്ന യാതൊന്നിലും അവർക്ക് ഇനി **ഒരിക്കലും** ഓഹരിയില്ല" എന്നും പറയുന്നു.

(മരിച്ചവർ എന്നെന്നേക്കുമായി പോകുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? എന്ന് യഹോവ സാക്ഷിക്കാരനോടു ചോദിച്ചാൽ അവർ 'ഇല്ല' എന്ന് ഉത്തരം പറയും. കാരണം ഭൂമിയിൽ സൂര്യന് കീഴിൽ വസിക്കുന്നതിനു; ഭാവിയിൽ ഉയിർത്തെഴുന്നേൽക്കും എന്ന് അവർ പ്രത്യാശിക്കുന്നു.)

9-ാം അദ്ധ്യായത്തിന്റെ 2-ാം വാക്യത്തിൽ "എല്ലാവർക്കും എല്ലാം ഒരുപോലെ സംഭവിക്കുന്നു. നീതിമാനും, ദുഷ്ടനും, നല്ലവനും, നിർമ്മലനും മലിനനും....... ഒരേ ഗതി വരുന്നു" തിരുവെഴുത്തുകളിലെ മററനേകം വേദഭാഗങ്ങളുമായി വിരുദ്ധമായ ഒരു പ്രസ്താവനയാണ് ഇത്.
**(Ask the Jw if he believes that he will receive the same fate whether he is righteous or wicked. His answer will have to be-No.)**

വിശ്വാസരഹിതമായ, ഭൗതികമായ ചിന്താഗതികളുടെ മദ്ധ്യത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന ഒരു പ്രസ്താവന മാത്രമാണ് 5-ാം വാക്യം. അത് ദൈവത്തിന്റെ പ്രസ്താവനയോ; ചിന്താഗതിയോ അല്ല. ദൈവത്തിന്റെ ചിന്താഗതിയെന്താണ്? മരിച്ചവർക്ക് ബോധമുണ്ടോ, ഓർമ്മയുണ്ടോ എന്ന കാര്യം ദൈവത്തിനറിയാമല്ലോ. തിരുവെഴുത്തുകളിലെ അനേകം ഭാഗങ്ങളിലൂടെ ദൈവം ഉത്തരം നൽകിയുമിരിക്കുന്നു. വീക്ഷാഗോപുരവാദിയോട് ചേർന്ന് വായിക്കുക.

"അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ: ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിൻകീഴിൽ കണ്ടു: വിശുദ്ധനും സത്യവാനും ആയ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നു അവർ **ഉറക്കെ നിലവിളിച്ചു.**

(ശേഷം അടുത്ത ലക്കത്തിൽ)

★

കവിത

# ഇയ്യോബ്

Evag. E. K. തേപ്പുപാറ

ഊസെന്നദേശത്തു യോബെന്ന ഭക്തൻ,
പല്ലിൽ കടിച്ചുതൻ വേദനയൊക്കെയും.
മെല്ലവേ, മെല്ലവേ മാറ്റിത്തുടങ്ങിനാൻ,
തങ്കപ്പകിട്ടിൻ നിറമുള്ള മക്കളും,
സ്വന്തവും ബന്ധവുമെല്ലാം വെടിഞ്ഞവൻ,
ചാരത്തിലിങ്ങനെ വീണുകിടന്നുകൊ,
ണ്ടോതി തുടങ്ങി തൻ സന്താപമത്രയും.
ഭാര്യാപുലമ്പിയുദ്ധരിച്ചു നിന്നീടിനാം;
അപ്പോൾ തുടങ്ങി തൻ വേദപ്പകുതിയിൽ.
ആശ്വാസമേകുന്നവാക്കിൻ സമൂഹം.
ദുഃഖസുഖങ്ങളെ പങ്കിട്ടീടുവാൻ
കഷ്ടം സഹിക്കുവാൻ ഇഷ്ടം ത്യജിക്കുവാൻ
നൻമയറിഞ്ഞ നമുക്കിനി അൽപ്പവും,
തിൻമയും കൂടെ സഹിച്ചുകൂടില്ലയോ.
അന്തമില്ലാതഹോ ചിന്തിച്ചു ചിന്തിച്ചു,
ചിത്തത്തെ പുണ്ണാക്കവേണ്ടയെൻ പത്നി.
നന്ദി മറന്ന നിൻ ഉൾക്കാമ്പിലത്രയും,
പച്ചക്കുശുമ്പും പിന്നെ തലോടലും.
എന്തിനിക്കോ മാളിവൈഷമ്യമെൻകാന്തെ.
വിട്ടുകളയൂനിൻ പൊട്ടത്തരങ്ങളെ
എൻ കാന്തനെന്നെയറിയുന്നു നല്ലപോൽ,
എന്നെ തകർക്കുകയില്ലെന്നറിഞ്ഞുകൊൾ.
ഇപ്പോഴീ ജഡത്തിൽ സഹിക്കുന്ന ഞാനെന്റെ,
വേദനയൊക്കെയും മാറ്റിത്തുടക്കുമേ.
പിന്നെയെൻ കണ്ണാൽ ഞാൻ കാണുമേ കാന്തനെ
അന്നു ഞാനാമോദചിത്തനായ് വാഴുമേ.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays—9:00 to 9:15 P.M.
Fridays —7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P.M.
Thursdays— 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays — 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:45 to 4:00 P.M.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N)22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

---

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To